പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5109

24.10.2011 ൽ മറുപടിയ്ക്ക്

## സ്വകാര്യ ഏജൻസികൾ മരുന്ന് വിപണിയിൽ നടത്തുന്ന ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) മരുന്ന് വിതരണത്തിനുള്ള സ്വകാര്യ ഏജൻസികൾ മരുന്ന് വിപണിയിൽ നിയമവിരുദ്ധമായി നടത്തുന്ന ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിനെ നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ബി) മരുന്ന് നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങി കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിന് സർക്കാർ ആരംഭിച്ച നീതി, മാവേലി, പേയിംഗ് കൗണ്ടർ തുടങ്ങിയ സ്ഥാപനങ്ങൾ തങ്ങളുടെ വ്യാപാരത്തെ ബാധിക്കും എന്ന് കരുതി കേരളത്തിലെ മരുന്ന് മൊത്ത / ചില്ലറ വ്യാപാരികളുടെ സംഘടന, മരുന്ന് നിർമ്മാതാക്കൾ മരുന്നുകൾ നേരിട്ട് നൽകുന്നതിനെ എതിർക്കുകയും വിപണിയിൽ മരുന്നുകളുടെ ദൗർലഭ്യം സൃഷ്ടിക്കുകയും ചെയ്തിരുന്നു. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി കൂടുതൽ മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നതിലൂടെയും നീതി, മാവേലി മെഡിക്കൽ സ്റ്റോറുകൾക്ക് മരുന്ന് ലഭ്യത സുഗമമാക്കിയും സർക്കാർ മരുന്ന് വിപണിയിൽ സജീവമായി ഇടപെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ